പത്രക്കുറിപ്പ്

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഏപ്രിൽ 26, 2017

## ദേശീയ പുരാവസ്തു ഓഫീസിന്റെ 125ാം വാർഷികത്തോടനുബന്ധിച്ച് 10 രൂപ നാണയം പുറപ്പെടുവിക്കുന്നു

ഭാരത സർക്കാർ പുറപ്പെടുവിക്കുന്ന മുകളിൽ സൂചിപ്പിച്ച നാണയം ഭാരതീയ റിസർവ്വ് ബാങ്ക് താമസിയാതെ പ്രചാരത്തിൽ ഇറക്കുന്നതാണ്.

ന്യൂഡൽഹിയിലുള്ള ധനമന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഇക്കണോമിക് അഫയേഴ്സ് വിഭാഗം ഈ നാണയങ്ങളുടെ മാതൃകയും മറ്റു വിശദാംശങ്ങളും 2016 ഫെബ്രുവരി 26 ലെ നം.ജി.എസ്.ആർ 197(ഇ) അസാധാരണ ഗസറ്റിൽ ഭാഗം II, ഉപവിഭാഗം 3(1) - വിജ്ഞാപനം ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്:

മുൻഭാഗം

നാണയത്തിന്റെ മുൻഭാഗത്ത് അശോക സ്തംഭത്തിലുള്ള സിംഹത്തിന്റെ രൂപവും 'സത്യമേവ ജയതേ' എന്ന ആലേഖനവും ഇടതുവശത്ത് ദേവനാഗരി ലിപിയിൽ 'ഭാരത്' എന്നും വലത്ത് ആംഗലേയ ഭാഷയിൽ 'ഇന്ത്യ' എന്നും രൂപയുടെ അടയാളമായ, ₹ നാണയത്തിന്റെ മൂല്യമായ '10' എന്ന അക്കം എന്നിവ സിംഹത്തിന്റെ രൂപത്തിന്റെ താഴെയായും കാണിച്ചിരിക്കുന്നു.

പിൻഭാഗം

മദ്ധ്യത്തിൽ ദേശീയ പുരാവസ്തു മന്ദിരത്തിന്റെ പ്രതിരൂപവും അതിൽ 125 വർഷം എന്നും നൽകിയിരിക്കുന്നു. അതിനു മുകളിലായി 125ാം വാർഷികാഘോഷങ്ങൾ എന്ന ചിഹ്നം നൽകിയിരിക്കുന്നു. ഭാരതത്തിന്റെ ദേശീയ പുരാവസ്തു വിഭാഗം എന്ന മുദ്രണം ദേവനാഗരി ലിപിയിലും ആംഗല ഭാഷയിലും യഥാക്രമം നാണയത്തിന്റെ മുകളിലും താഴെയുമായി ആലേഖനം ചെയ്തിരിക്കുന്നു. ഇംഗ്ലീഷിൽ 1891, 2016 എന്നീ സംഖ്യകൾ യഥാക്രമം മുകളിലും താഴെയുമായി നൽകിയിരിക്കുന്നു. 1916, 2016എന്നീ വർഷങ്ങൾ അന്താരാഷ്ട്ര അക്കത്തിൽ പ്രതിരൂപത്തിന്റെ മുകളിൽ യഥാക്രമം ഇടതും വലതുമായി കാണിച്ചിരിക്കുന്നു. 2011 ലെ നാണയ നിയമപ്രകാരം ഈ നാണയങ്ങൾ നിയമാനുസൃതമായി സ്വീകാര്യമായിരിക്കും. ഇതേ മൂല്യമുള്ള ഇപ്പോൾ നിലവിലുള്ള എല്ലാ നാണയങ്ങളും നിയമാനുസൃതമായി സ്വീകാര്യമായ നാണയമായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2016-2017/2908